നം. സി.ഇ.ഇ/2424/09/സി.എ.പി-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സ് പ്രവേശനം 2010
## ന്യൂനപക്ഷ പദവിയുള്ള കോളേജുകളിലെ അലോട്ടുമെന്റ് - സംബന്ധിച്ച്

സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കുള്ള 2010 ലെ അലോട്ടുമെന്റ് നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള വിവിധ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ, പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള മെഡിക്കൽ/ഡെന്റൽ കോളേജുകളുടേയും സംവരണത്തിന് അർഹമായ സമുദായങ്ങളുടെയും വിശദാംശങ്ങൾ ഇനി പറയുന്നു:

| നം. | കോളേജ് കോഡ് | കോളേജ് | സംവരണത്തിന് അർഹരായ വിഭാഗം |
|---|---|---|---|
| **മെഡിക്കൽ കോളേജുകൾ** | | | |
| 1 | SMC | ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം. | എസ്.ഐ.യു.സി. (സൗത്ത് കേരള ഡയോസീസ്) |
| | | | പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്ത എസ്.ഐ.യു.സി. (സൗത്ത് കേരള ഡയോസീസ്) |
| 2 | EMC | എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം. | മുസ്ലീം |
| 3 | KNC | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ. | കണ്ണൂർ ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 4 | KMM | കരുണ മെഡിക്കൽ കോളേജ്, വിളയോടി, പാലക്കാട്. | പാലക്കാട് ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 5 | KCM | കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട്. | കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| **ഡെന്റൽ കോളേജുകൾ** | | | |
| 1 | MBD | മാർ ബസേലിയോസ് ഡന്റൽ കോളേജ്, കോതമംഗലം, എറണാകുളം | ജാക്കോബൈറ്റ് സിറിയൻ ക്രിസ്ത്യൻ |
| 2 | KAD | കണ്ണൂർ ഡെന്റൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ. | കണ്ണൂർ ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 3 | CDC | സെഞ്ചറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസ് & റിസർച്ച് സെന്റർ, പൊയ്നാച്ചി, കാസറഗോഡ്. | കാസറഗോഡ് ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 4 | KMD | കെ.എം.സി.റ്റി. ഡെന്റൽ കോളേജ്, മനശ്ശേരി, കോഴിക്കോട്. | കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 5 | MED | എം.ഇ.എസ്. ഡെന്റൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം. | മുസ്ലീം |

| | | | |
|---|---|---|---|
| 6 | PMS | പി.എം.എസ്. കോളേജ് ഓഫ് ഡെന്റൽ സയൻസസ് & റിസർച്ച് സെന്റർ, വട്ടപ്പാറ, തിരുവനന്തപുരം. | എറണാകുളം ഉൾപ്പെടെ വടക്കോട്ടുള്ള ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 7 | RDC | റോയൽ ഡെന്റൽ കോളേജ്, ചല്ലിശ്ശേരി, പാലക്കാട്. | മലപ്പുറം ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 8 | AAD | അൽ-അസർ ഡെന്റൽ കോളേജ്, തൊടുപുഴ, ഇടുക്കി. | മുസ്ലീം |

മേൽപ്പറഞ്ഞ കോളേജുകളിലെ വിവിധ ന്യൂനപക്ഷ സമുദായങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള എം.ബി.ബി.എസ്./ബി.ഡി.എസ്. സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുവാൻ താല്പര്യമുള്ള വിവിധ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്നവരും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ എം.ബി.ബി.എസ്./ബി.ഡി.എസ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ വിദ്യാർത്ഥികൾ വില്ലേജ് ആഫീസിൽ നിന്നും ലഭിക്കുന്ന സമുദായ സർട്ടിഫിക്കറ്റ് **13.08.2010 (വെള്ളിയാഴ്ച)** വൈകുന്നേരം 5 മണിക്ക് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. സമുദായ സർട്ടിഫിക്കറ്റിൽ അർഹതപ്പെട്ട സമുദായത്തിന്റെ പേര് വ്യക്തമാക്കിയിരിക്കണം.

ഡോ. സോമർവെൽ മെഡിക്കൽ കോളേജിൽ ന്യൂനപക്ഷ സംവരണത്തിന് അർഹതയുള്ള വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ വില്ലേജ് ആഫീസിൽ നിന്നുമുള്ള സമുദായ സർട്ടിഫിക്കറ്റിനു പുറമേ സൗത്ത് കേരള ഡയോസീസ്/ഇടവക അധികാരിയിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിലുള്ള സർട്ടിഫിക്കറ്റും **13.08.2010** നു മുമ്പ് സമർപ്പിക്കേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോമിൽ വില്ലേജ് ആഫീസർ നൽകിയിട്ടുള്ള ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ, ജാതി സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ താഴെപ്പറയുന്ന മുസ്ലീം മൈനോറിറ്റി കോളേജുകളിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള ജാതി/സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമ ഡൗൺലോഡ് ചെയ്ത് വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ തീയതിയ്ക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ് :

(1) പാലക്കാട്, കരുണ മെഡിക്കൽ കോളേജിലേക്ക് വേണ്ടി "പാലക്കാട് ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.
(2) കണ്ണൂർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്ക് വേണ്ടി "കണ്ണൂർ ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.
(3) കോഴിക്കോട്, കെ.എം.സി.റ്റി. മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്ക് വേണ്ടി "കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.
(4) കാസറഗോഡ്, സെഞ്ചുറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസ് & റിസർച്ച് സെന്ററിലേക്ക് വേണ്ടി "കാസറഗോഡ് ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.
(5) തിരുവനന്തപുരം, പി.എം.എസ്. കോളേജ് ഓഫ് ഡെന്റൽ സയൻസസ് & റിസർച്ച് സെന്ററിലേക്ക് വേണ്ടി "എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.
(6) പാലക്കാട്, റോയൽ ഡെന്റൽ കോളേജിലേക്ക് വേണ്ടി "മലപ്പുറം ജില്ലയിലെ മുസ്ലീം സമുദായത്തിൽപ്പെട്ട" വിദ്യാർത്ഥികൾ.

മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായങ്ങൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് വാർഷിക കുടുംബ വരുമാനം പരിഗണിക്കുന്നതല്ല. സമുദായ സർട്ടിഫിക്കറ്റുകൾ (ഒറിജിനൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്), വിദ്യാർത്ഥിയുടെ അഡ്മിറ്റ് കാർഡിന്റെ പകർപ്പിനോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **13.08.2010 (വെള്ളിയാഴ്ച)** വൈകുന്നേരം 5 മണിക്ക് മുൻപ് ലഭിച്ചിരിക്കണം. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്താത്തതും, ഫാക്സ് മുഖേന ലഭിക്കുന്നതും, നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതുമായ സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
02.08.2010